# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 955 — 01/03/2017 -ൽ മറുപടിക്ക്

# ഈരാറ്റുപ്പേട്ട വാട്ടർ സപ്ലൈസ് സ്കീം നടപ്പാക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.സി.ജോർജ്ജ് | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജലവിഭവ മന്ത്രിയ്ക്ക് എം.എൽ.എ നൽകിയ കത്ത് നമ്പർ എം.എൽ.എ-പി.എൻ.ജെ.ആർ/ജി.പി/96/2016-17 തീയതി 31/01/2017 പ്രകാരം കുടി വെള്ളക്ഷാമം അതിരൂക്ഷമായ ഈരാറ്റുപേട്ടയിൽ 'ഈരാറ്റുപ്പേട്ട വാട്ടർ സപ്ലൈസ് സ്കീം' അടിയന്തരമായി നടപ്പിലാക്കണമെന്ന ആവശ്യത്തിൻമേൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (എ) യും (ബി) യും | പ്രസ്തുത കത്തിലെ ആവശ്യത്തിന്മേൽ കേരള വാട്ടർ അതോറിറ്റി തുടർനടപടി സ്വീകരിച്ചു വരുന്നു. |
| (ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ അടിയന്തരനടപടികൾ സ്വീകരിയ്ക്കുമോ; | | |
| (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതി നായി എന്തൊക്കെ നടപടികളാണ് സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | പ്രസ്തുത പദ്ധതിക്കായുള്ള ജലസ്രോതസ്സിന്റെ ലഭ്യതയും പര്യാപ്തതയും കൂടാതെ വിവിധ ഘടകങ്ങൾക്കാവശ്യമായ സ്ഥലവും ലഭ്യമാക്കി, പദ്ധതി പ്രദേശത്തിന്റെ സർവ്വേയിംഗ് നടത്തി പദ്ധതി രൂപരേഖ നിശ്ചയിച്ച് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. |
| (ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഉദ്യോഗസ്ഥർ വാട്ടർ അതോറിറ്റിയുടെ പ്രോജക്ട് പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിന്റെ കോട്ടയം ക്യാമ്പ് ഓഫീസിൽ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കുമോ? | (ഡി) | ഉണ്ട്. പുതിയ പദ്ധതികൾക്കാവശ്യമായ സർവ്വേയും മറ്റ് രൂപരേഖകളും തയ്യാറാക്കുന്ന പ്രോജക്റ്റ് പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിന്റെ കോട്ടയം ക്യാമ്പ് ഓഫീസിലെ ഒഴിവുള്ള അസിസ്റ്റന്റ് എഞ്ചിനീയർ, ഹെഡ് സർവ്വേയർ, സർവ്വേയർ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

JSK/